"**ഭരണഭാഷ - മാതൃഭാഷ**"

നം. പി 2/12962/2017/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 24.01.2019
ഫോൺ: 0471-2303107

## സർക്കുലർ

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്ലാൻ ഫണ്ട് വിനിയോഗം പർച്ചേസുകളിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നത് – സംബന്ധിച്ച്.

സൂചന:
1. സർക്കാർ ഉത്തരവ് നം.ജി.ഒ.പി.നം.102/2017/ഫിനാൻസ് തീയതി 07.08.2017.
2. 15.12.2018 ലെ സി2/8/2018/ഉ.വി.വ നമ്പർ സർക്കാർ കത്ത്.

****

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള എല്ലാ പർച്ചേസുകളിലും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സൂചന (1) പരാമർശിക്കുന്ന ഉത്തരവ് പ്രകാരം 5,00,000/ (അഞ്ച് ലക്ഷം രൂപ മാത്രം) മുകളിൽ ഫർണിച്ചർ പർച്ചേസ് നടത്തുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. ഫർണിച്ചർ പർച്ചേസുകളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പർച്ചേസ് നടത്തിയ ശേഷം സർക്കാരിന്റെ സാധൂകരണത്തിന് വേണ്ടി അപേക്ഷകൾ അയയ്ക്കുന്ന പ്രവണത കർശനമായി നിയന്ത്രിക്കണമെന്ന് സൂചന (2) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഫർണിച്ചർ പർച്ചേസുകൾക്ക് സർക്കാർ അനുമതി ആവശ്യമുള്ള പക്ഷം അത് നേടിയതിന് ശേഷം മാത്രമേ പർച്ചേസ് നടത്താൻ പാടുള്ളൂ. അപ്രകാരമല്ലാതെ ഫർണിച്ചർ പർച്ചേസ് നടത്തിയാൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട സ്ഥാപനമേധാവി/ DDO-യ്ക്ക് ആയിരിക്കും

ഒപ്പ്/-
ജയശ്രീ.എം.എ
സീനിയർ ഫിനാൻസ് ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡി.ജി.25.01.2019

GOVERNMENT OF KERALA 2017-18

159565